പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4317 — 03.02.2014 ലെ മറുപടിയ്ക്ക്

## ചിത്രപ്രദർശനത്തിനു വേണ്ട പിൻബോർഡുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ. വി.ശിവൻ കുട്ടി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| എ) | കനകക്കുന്ന് പാലസിൽ ചിത്രപ്രദർശനത്തിനു വേണ്ട പിൻബോർഡുകൾ വാങ്ങിയതിൽ എ.ജി. കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കാമോ ; | എ) എ.ജി.യുടെ ഓഡിറ്റ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. ഓഡിറ്റിനിടെ ഈ ഫയലിനെ സംബന്ധിച്ച് എ.ജി. നാല് ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. ഇതിന് മറുപടി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | അതുമായി ബന്ധപ്പെട്ട് കനകക്കുന്ന് പാലസ് സൂപ്രണ്ട് 2012 ഡിസംബർ 17-ാം തീയതി ടൂറിസം ഡയറക്ടർക്ക് അയച്ച കത്തിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ; | ബി) പിൻ അപ് ബോർഡും മെറ്റൽ സ്റ്റാന്റും വാങ്ങുന്നതിനു വേണ്ടി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ക്വട്ടേഷൻ സംബന്ധിച്ചുള്ളതാണ് കത്തിന്റെ ഉള്ളടക്കം. |
| സി) | ഈ കത്തിന്റെ അടിസ്ഥാനത്തിലും ടൂറിസം അഡീഷണൽ ഡയറക്ടർ (പി&പി) ഓഡിറ്റ് അന്വേഷണത്തിനു നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ടൂറിസം വകുപ്പ് കനകക്കുന്ന് കൊട്ടാരം സൂപ്രണ്ട് ശ്രീ. സുബൈർകുട്ടിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (സി) അഡീഷണൽ ഡയറക്ടറുടെ കത്ത് എ.ജി.ക്കുള്ള മറുപടിയാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഓഡിറ്റ് എൻക്വയറി നമ്പർ 18 പ്രകാരം സൂപ്രണ്ടിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) | ഈ ഉദ്യോഗസ്ഥനെതിരെ മുൻപ് വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ഇല്ല |

സെക്ഷൻ ഓഫീസർ